"ഭരണ ഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

<u>ഡി റ്റി 2560/2024/ജി1</u>

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, 4th & 5th ഫ്ലോർ
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33
തീയതി: 01-07-2024

## <u>വിജ്ഞാപനം</u>

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - പരീക്ഷാ വിഭാഗം - അഖിലന്ത്യാ ട്രേഡ് ടെസ്റ്റ് – ആഗസ്റ്റ് 2024 – 6 മാസം/ഒരു വർഷം/രണ്ടു വർഷം ട്രേഡുകളുടെ പ്രാക്ടിക്കൽ, CBT – റെഗുലർ / പ്രൈവറ്റ് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് 2022-2024, 2023-2025, 2023-2024 പരിശീലന വർഷങ്ങളിൽ M I S പോർട്ടൽ മുഖേന പ്രവേശനം നേടിയ ട്രെയിനികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സൂചന: ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിങ്ങിന്റെ 27/06/2024 തീയതിയിലെ FTS No. E. 44186 നമ്പർ കത്ത്.

സംസ്ഥാനത്തെ സർക്കാർ/ എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി/ സ്വകാര്യ ഐ റ്റി ഐകളിലെ എൻ.സി.വി.റ്റി അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ 2022-2024, 2023-2025, 2023-2024 പരിശീലന വർഷങ്ങളിൽ MIS പോർട്ടൽ മുഖേന പ്രവേശനം നേടിയ ട്രെയിനികളിൽ നിന്നും പ്രാക്ടിക്കൽ, C B T റഗുലർ/പ്രൈവറ്റ് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ **10/07/2024 തീയതി വൈകുന്നേരം 5.00 മണിയ്ക്ക് മുൻപ്** ബന്ധപ്പെട്ട ഐ റ്റി ഐ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

റഗുലർ ട്രെയിനികൾക്ക് പ്രാക്ടിക്കൽ വിഷയങ്ങൾക്കുള്ള അപേക്ഷാ ഫീസ് 110/- (നൂറ്റിപ്പത്ത് രൂപ മാത്രം) രൂപയും, CBT പരീക്ഷയ്ക്ക് 213/- (ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപയുമാണ്. റഗുലർ ട്രെയിനികൾ പ്രാക്ടിക്കൽ വിഷയങ്ങൾക്കുള്ള ഫീസ് ഒടുക്കേണ്ട അവസാന തീയതി 08/07/2024 തീയതിയും 60 രൂപ പിഴയോടുകൂടി ഫീസ് ഒടുക്കേണ്ട അവസാന തീയതി 10/07/2024 തീയതിയുമാണ്. പ്രൈവറ്റ് ട്രെയിനികൾ പ്രാക്ടിക്കൽ വിഷയങ്ങൾക്ക് 1105 രൂപയും (ആയിരത്തി ഒരുന്നൂറ്റി അഞ്ചു രൂപ മാത്രം) CBT പരീക്ഷയ്ക്ക് 213/- (ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപയുമാണ് ഒടുക്കേണ്ടത്. പ്രൈവറ്റ് ട്രെയിനികൾ

പ്രാക്ടിക്കൽ വിഷയങ്ങൾക്കുള്ള ഫീസ് ഒടുക്കേണ്ട അവസാന തീയതി 05/07/2024 തീയതിയും 550 രൂപ പിഴയോടുകൂടി ഫീസ് ഒടുക്കേണ്ട അവസാന തീയതി 08/07/2024 തീയതിയുമാണ്.

ഐ റ്റി ഐ പ്രിൻസിപ്പാൾമാർ ട്രെയിനികളുടെ ഹാജർ, ഫോർമേറ്റീവ് അസ്സസ്മെന്റ് മാർക്ക്, പരീക്ഷാ ഫീസ്( പ്രൈവറ്റ് ഉൾപ്പെടെ ) എന്നീ വിവരങ്ങൾ SIDH പോർ ട്ടലിൽ **08/07/2024 തീയതിയ്ക്കകം** പൂർത്തീകരിച്ചിരിക്കണം. ഡി.ജി.റ്റിയിൽ നിന്നുള്ള നിർദ്ദേശ പ്രകാരം പ്രാക്ടിക്കൽ, CBT എന്നീ പരീക്ഷകളുടെ ഫീസ് സ്റ്റാറ്റസ് SIDH പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തീയതി **13/07/2024 ആണ്.** അതനുസരിച്ച് ട്രെയിനികളിൽ നിന്നും അപേക്ഷയും, ഫീസും ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഓരോ ഐ റ്റി ഐ പ്രിൻസിപ്പാൾമാരും മുൻകൂട്ടിത്തന്നെ സ്വീകരിക്കേണ്ടതും ഫീസ് സ്റ്റാറ്റസ് SIDH പോർട്ടലിൽ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ഫീസ് സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുവാനുള്ള തീയതി യാതൊരു കാരണവശാലും ദീർഘിപ്പിച്ചു നൽകുവാൻ കഴിയില്ലായെന്ന് ഡി.ജി.റ്റിയിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഫോർമാറ്റീവ് അസ്സസ്മെന്റ്, ഹാജർ എന്നിവ പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുള്ള സമയ പരിധി ഡി ജി റ്റി വ്യത്യാസം വരുത്തുന്ന പക്ഷം ആയത് ഈ കാര്യാലയത്തിൽ നിന്നും അറിയിക്കുന്നതാണ്.

**<u>യോഗ്യതയും നിർദ്ദേശങ്ങളും</u>**

ചുവടെ പരാമർശിക്കുന്നവർക്ക് 2024 ഓഗസ്റ്റിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കാവുന്നതാണ്.

| അഡ്മിഷൻ സെഷൻ | അപേക്ഷിക്കാവുന്ന വാർഷിക പരീക്ഷ |
|---|---|
| 2022-2024 | രണ്ടു വർഷ ട്രേഡുകളുടെ രണ്ടാം വാർഷിക പരീക്ഷ (റഗുലർ & പ്രൈവറ്റ്) |
| 2023-2025 | രണ്ടു വർഷ ട്രേഡുകളുടെ ഒന്നാം വാർഷിക പരീക്ഷ (റഗുലർ & പ്രൈവറ്റ്) |
| 2023-24 | 6 മാസ കോഴ്സുകൾ/ഒരു വർഷ ട്രേഡുകളുടെ വാർഷിക പരീക്ഷ (റഗുലർ & പ്രൈവറ്റ്) |

എ) 2024 ആഗസ്റ്റ് അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് – പ്രാക്ടിക്കൽ പരീക്ഷ **01/08/2024, 02/08/2024, 03/08/2024,** 05/08/2024, 06/08/2024 എന്നീ തീയതികളിലും, CBT പരീക്ഷ **07/08/2024 തീയതി മുതൽ** 27/08/2024 **തീയതി** വരെയുമാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ടൈം ടേബിൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ബി) CBT പരീക്ഷയുടെ വിശദമായ സമയക്രമ പട്ടിക ഡി.ജി.റ്റിയിൽ നിന്നും താമസിയാതെ തന്നെ അറിയിക്കുന്നതായിരിക്കും.

സി) പ്രാക്ടിക്കൽ പരീക്ഷയ്ക്കും, C B T പരീക്ഷയ്ക്കും ട്രെയിനികൾക്ക് വെവ്വേറെ ഹാൾ ടിക്കറ്റുകളാണ് പോർട്ടലിൽ നിന്നും ലഭിക്കുന്നത്. ട്രെയിനികളുടെ പ്രൊഫൈൽ ഐ.ഡി വഴിയും ഐ.ടി.ഐയുടെ creator ഐ.ഡി വഴിയും ഹാൾ ടിക്കറ്റ് ലഭ്യമാകുന്നതാണ്.

ഡി) പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള ഫീസായ 110/- രൂപ (റഗുലർ ട്രെയിനികൾ)/ 1105 രൂപ (പ്രൈവറ്റ് ട്രെയിനികൾ) "0230-00-800-88-00-00-00-N-V Otheritems-Dir of Emplmt and Trg" എന്ന ശീർഷകത്തിൽ അടയ്ക്കേണ്ടതും, CBT ഫീസായ 213 രൂപ ട്രെയിനികളിൽ നിന്നും ശേഖരിച്ച ശേഷം ഒരുമിച്ച് ഒറ്റ തവണയായി ഐ.ടി.ഐകളുടെ Creator -ൽ ലഭ്യമായ bulk fee payment link വഴി അടയ്ക്കേണ്ടതാണ്. CBT ഫീസ് അടച്ച ശേഷം ലഭിക്കുന്ന രസീതിന്റെ പകർപ്പും, ഫീസ് നൽകിയ ട്രെയിനികളുടെ ലിസ്റ്റും സബ് നോഡൽ ഐ.ടി.ഐയ്ക്ക് കൈമാറേണ്ടതാണ്. സർക്കാർഐ റ്റി ഐകൾക്ക് CBT ഫീസ് ഒരുമിച്ച് ഓഫ് ലൈൻ മോഡായി അടയ്ക്കാനുള്ള സംവിധാനം SIDH പോർട്ടലിൽ ലഭ്യമാണ്.

<u>**അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**</u>

i) പ്രാക്ടിക്കൽ ഫീസായ 110/- രൂപ, CBT ഫീസായ 213/- രൂപ, നിശ്ചിത മാതൃകയിലുള്ള അപേക്ഷ എന്നിവ പരിശീലനം നേടുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

ii) ഒരിക്കൽ അടച്ച പരിക്ഷാ ഫീസ് യാതൊരു കരാണവശാലും മടക്കി നൽകുകയോ, വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

iii) മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ 110/- രൂപ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് മുമ്പായി, ജാമ്യ നിക്ഷേപ തുകയായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും, ടെസ്റ്റിന് ശേഷം ബാധ്യതകൾ ഉണ്ടായിട്ടില്ലാത്ത പക്ഷം പ്രസ്തുത ജാമ്യ തുക തിരികെ കൈപ്പറ്റേണ്ടതുമാണ്.

MINI MATHEW

ADDITIONAL DIRECTOR OF TRAINING

# പ്രിൻസിപ്പാളിന്റെ പരിശോധനാ റിപ്പോർട്ട്

I) **ഫീസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ**

**പ്രാക്ടിക്കൽ പരീക്ഷ**

a) ചെലാൻ നമ്പരും തീയതിയും :
(സ്വകാര്യ വ്യാവസായിക പരിശീലന സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷയിൽ അസ്സൽ ചെലാൻ ഉൾപ്പെടുത്തണം)

b) ട്രഷറിയുടെ പേര് :

c) തുക :

**സി ബി റ്റി പരീക്ഷ**

d) ശേഖരിച്ച തുകയും തീയതിയും :

II) അഡ്മിഷൻ നമ്പരും, തീയതിയും പരീശീലന കാലയളവും :

III) പ്രസ്തുത ട്രേഡിൽ പ്രവേശനം നേടിയ പരിശീലനാർത്ഥികളുടെ ആകെ എണ്ണം (പ്രവേശനം പൂർത്തീകണ രജിസ്റ്റർ പ്രകാരമുള്ളത് ) :

IV) പരിശീലനാർത്ഥിയുടെ ക്രമ നമ്പർ (പ്രവേശന പൂർത്തീകരണ രജിസ്റ്റർ പ്രകാരമുള്ളത് :

മേൽപ്പറഞ്ഞ അപേക്ഷയിലെ വിശദാംശങ്ങൾ ഓഫീസ് രേഖകൾ പ്രകാരം ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. പരിശീലന പൂർത്തീകരണ രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും, എൻ.സി.വി.ടി അഫിലിയേറ്റഡ് യൂണിറ്റിൽ നിന്നും ആവശ്യമായ പരിശീലനം പരിശീലന കാലയളവിൽ ടിയാൻ/ടിയാൾ നേടിയിട്ടുണ്ടെന്നും ഞാൻ അറിയിക്കുന്നു. ആയതിനാൽ ടിയാനെ/ടിയാളെ 2024 ആഗസ്റ്റ്-ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നതിനൊപ്പം ടിയന്റെ/ടിയാളുടെ സ്വഭാവം ..... ആണെന്നും പ്രസ്താവിക്കുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്
ഔദ്യോഗിക മേൽവിലാസം

സ്ഥലം:
തീയതി:

(ഓഫീസ് മുദ്ര)

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ആഗസ്റ്റ് 2024
## വാർഷിക റഗുലർ പരീക്ഷയ്ക്കുള്ള അപേക്ഷ ഫോറം

1. പരിശീലനാർത്ഥി പരിശീലനം നേടിയ വ്യാവസായിക പരിശീലന സ്ഥാപനത്തിന്റെ പേര് :
2. സ്ഥാപനത്തിന്റെ എം.ഐ.എസ് കോഡ് :
3. ട്രേഡ് :
4. അപേക്ഷകന്റെ പേര് :
5. റോൾ നമ്പർ (R/P എന്ന് തുടങ്ങുക) :
6. മൊബൈൽ നമ്പർ :
7. ഇ–മെയിൽ ഐ.ഡി
8. ആൺ/പെൺ :
9. പരിശീലന കാലയളവ് :

### സത്യപ്രസ്താവന

മുകളിൽ പ്രസ്താവിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും, വിശ്വാസത്തിലും ശരിയാണെന്നും, പ്രാക്ടിക്കൽ, സി.ബി.റ്റി പരീക്ഷയ്ക്ക് ആവശ്യമായ ഫീസ് അടച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ചു നൽകുന്ന പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതാൻ സമ്മതമാണ്. മാത്രമല്ല 80% ഹാജർ ലഭിച്ചാൽ മാത്രമേ എനിയ്ക്ക് ട്രേഡ് ടെസ്റ്റ് എഴുതാൻ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളുവെന്നും, ഡി.ജി.റ്റി അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് സമയബന്ധിതമായി എന്റെ എം.ഐ.എസ് പോർട്ടൽ യോഗ്യതകൾ എല്ലാം ഉറപ്പാക്കിയാൽ മാത്രമേ എനിയ്ക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ എന്നുമുള്ള ഉത്തമബോധ്യം എനിയ്ക്കുണ്ടെന്നും അറിയിക്കുന്നു.

അപേക്ഷകന്റെ പേര്:

ഒപ്പ് :